## സംസ്ഥാനത്തിന്റെ പ്ലാൻ അലോക്കേഷൻ

33 (41) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തിന്റെ പ്ലാൻ അലോക്കേഷൻ എത്ര വീതമായിരുന്നു ; ഓരോ വർഷത്തേയും അഡീഷണൽ അലോക്കേഷൻ എത്ര വീതമായിരുന്നു ;

(ബി) ഓരോ വർഷത്തേയും പ്ലാൻ ഫണ്ടിൽനിന്നുള്ള ചെലവ് എത്രയായിരുന്നു ; അഡീഷണൽ അലോക്കേഷൻ ഉൾപ്പെടെയുള്ള മൊത്തം അലോക്കേഷന്റെ എത്ര ശതമാനമായിരുന്നു ഓരോ വർഷത്തേയും ചെലവെന്ന് വെളിപ്പെടുത്തുമോ ;

(സി) മൊത്തം പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനമാണ് ഓരോ വർഷവും തദ്ദേശസ്ഥാപനങ്ങൾക്ക് നീക്കിവച്ചത് ; അത് എന്ത് തുക വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) അതിൽ എന്തുതുകവീതം തദ്ദേശ സ്ഥാപനങ്ങൾ ഓരോ വർഷവും ചെലവഴിച്ചുവെന്നും അത് അലോക്കേഷന്റെ എത്ര ശതമാനം വീതം വരുമെന്ന് വ്യക്തമാക്കുമോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങൾക്കുള്ളത് കഴിച്ചുള്ള പ്ലാൻ ഫണ്ടിൽ എന്തു തുക വീതമാണ് ഓരോ ജില്ലയ്ക്കും പ്രതിവർഷം നീക്കിവച്ചത് ; അതിൽ എന്തുതുക വീതം ചെലവായി ?

### ഉത്തരം

(എ) (തുക രൂപ കോടിയിൽ)

| വർഷം | അലോക്കേഷൻ |
|---|---|
| 2006-07 | 6210.00 |
| 2007-08 | 6950.00 |
| 2008-09 | 7700.47 |
| 2009-10 | 8920.00 |
| 2010-11 | 10025.00 |

ഈ വർഷങ്ങളിൽ അഡീഷണൽ അലോക്കേഷൻ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

| വർഷം | ചെലവഴിച്ചതുക രൂപ കോടിയിൽ | ശതമാനം |
|---|---|---|
| 2006-07 | 4785.31 | 77 |
| 2007-08 | 5690.40 | 82 |
| 2008-09 | 7142.54 | 93 |
| 2009-10 | 7774.08# | 87 |
| 2010-11 | 4289.78* | 43 |

*2010 ഡിസംബർ 31-വരെ

# താൽക്കാലിക കണക്ക്

(സി)

| വർഷം | ശതമാനം | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നീക്കി വെച്ച തുക (രൂപ കോടിയിൽ) |
|---|---|---|
| 2006-07 | 23 | 1400.00 |
| 2007-08 | 26 | 1790.00 |
| 2008-09 | 24 | 1877.51 |
| 2009-10 | 23 | 2085.13 |
| 2010-11 | 22 | 2197.65 |

(ഡി)

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക | അലോക്കേഷന്റെ ചെലവഴിച്ച ശതമാനം (രൂപ കോടിയിൽ) |
|---|---|---|
| 2006-07 | 1233.80 | 88 |
| 2007-08 | 1396.59 | 78 |
| 2008-09 | 1815.90 | 97 |
| 2009-10 | 1830.58# | 88 |
| 2010-11 | 800.24* | 36 |

*2010 ഡിസംബർ 31 വരെ

#താൽക്കാലിക കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിച്ചുള്ള പ്ലാൻ ഫണ്ട് തുക ജില്ല തിരിച്ച് നീക്കിവയ്ക്കാറില്ല.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**34 (42)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സർക്കാർ എത്ര തുക നീക്കിവച്ചുവെന്നും അതിൽ സംസ്ഥാന സർക്കാർ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതി ഇനത്തിൽ നീക്കിവെച്ച മുഴുവൻ തുകയും വിനിയോഗിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 207 കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട് 100% കേന്ദ്രാവിഷ്കൃതം, മറ്റ് കേന്ദ്രാവിഷ്കൃതം എന്നിങ്ങനെ പദ്ധതി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം I)

(ബി) അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം II)

(സി) പാദവർഷാടിസ്ഥാനത്തിൽ ഭരണാനുമതി നൽകൽ, സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾക്കുള്ള നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കൽ, ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും അതിനുവേണ്ട ഉന്നതതല സംയോജിത സമിതികൾ രൂപീകരിക്കുക തുടങ്ങിയവ ചെയ്തിട്ടുണ്ട്. ഇതിന്റെപുരോഗതി എല്ലാ മാസവും വകുപ്പദ്ധ്യക്ഷൻമാർ, വകുപ്പുസെക്രട്ടറിമാർ ചീഫ് സെക്രട്ടറി, എന്നീ തലങ്ങളിൽ അവലോകനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉന്നതതല ഉദ്യാഗസ്ഥർ, പ്ലാനിംഗ് കമ്മീഷൻ തുടങ്ങിയവർ കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്.

**ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ട്**

**35 (43)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ :
ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ശമ്പളകമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഈ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly